# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

VLC2/007085/21(A&VB4)

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം,ട്രാൻസ്പോർട്ട് ഭവൻ , ഫോർട്ട്
തിരുവനന്തപുരം. തീയതി:29.08.2024

## കാരണം കാണിക്കൽ നോട്ടീസ്

വൈക്കം യൂണിറ്റിലെ മെക്കാനിക്കായ ശ്രീ.അമൽ.എം. എന്ന താങ്കൾക്ക് PL4/000667/15, dtd.25.03.2015-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27.03.2015 മുതൽ 5 വർഷത്തെ ശൂന്യവേതനാവധിയായി അനുവദിച്ചിരുന്നു. എന്നാൽ ടി അവധി കാലാവധി അവസാനിച്ചിട്ടും താങ്കൾ ജോലിയിൽ പ്രവേശിക്കാതെ 27.03.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും, മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്കു ഹാജരാകാതിരിക്കുന്നതു കുറ്റകരമാണ്. ആയതു ഗ്യാരേജിന്റെ സുഗമമായ നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽ കാരണങ്ങളാൽ വൈക്കം യൂണിറ്റിലെ മെക്കാനിക്ക് ശ്രീ.അമൽ.എം എന്ന താങ്കൾക്ക് 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 21.12.2022 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം താങ്കളുടെ മേൽവിലാസത്തിൽ അയച്ചു നൽകിയിട്ടും ആയത് കൈപ്പറ്റാത്തതിനെ തുടർന്ന് തപാൽ അധികൃതർ മടക്കി നൽകി. തുടർന്ന് ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ താങ്കളും കുടുംബവും വിദേശത്ത് ജോലി ചെയ്യുന്നതായി അറിയാൻ സാധിച്ചു. തുടർന്ന് ചട്ടം 15 പ്രകാരമുള്ള വിശദാന്വേഷണം നടത്തുന്നതിനായി കോട്ടയം ജില്ലാ ട്രാൻസ്പോർട്ട് ആഫീസറിനെ ചുമതലപ്പെടുത്തുകയും അന്വേഷണ ഉദ്യോഗസ്ഥൻ 3 തവണ അവസരം നൽകിയിട്ടും താങ്കൾ വിചാരണയ്ക്ക് ഹാജരാകാത്തതിൽ നിന്നും താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന് ബോദ്ധ്യപ്പെട്ടു. തുടർന്ന് ലഭ്യമായ സാക്ഷിമൊഴികളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 06.06.2024 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്

ഫയലും, അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനു തൃപ്തികരമായ വിശദീകരണം നൽകുന്നതിൽ താങ്കൾ പരാജയപ്പെട്ടു. 27.03.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും ,താങ്കളുടെ മേൽപ്രവൃത്തി കോർപ്പറേഷനിൽ 1950-ലെ ആർ.റ്റി.സി ആക്ട്-ലെ 18-10 വകുപ്പ് പ്രകാരം നിക്ഷിപ്തമായ സുഗമമായ സർവ്വീസ് നടത്തിപ്പ് എന്ന കർത്തവ്യ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയും, അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും ,അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്കു താങ്കൾ അർഹനുമാണ്. ആകയാൽ ശ്രീ.അമൽ.എം എന്ന താങ്കളെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്നു നിർദ്ദേശിക്കുന്നു .നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്, എതിർ വാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർ വാദങ്ങളോ,വിശദീകരണമോ നൽകുവാനില്ലായെന്ന് അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ.ഷാജി
(ഗവ. അഡീഷണൽ സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ് :-

ശ്രീ.അമൽ.എം, മെക്കാനിക്ക് വൈക്കം
(യൂണിറ്റ് അധികാരി വൈക്കം മുഖാന്തരം)

പകർപ്പ്:- യൂണിറ്റ് അധികാരി വൈക്കം - ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പുവാങ്ങി തിരികെ അയച്ചു തരേണ്ടതാണ്.
സ്റ്റോക്ക് ഫയൽ / ഫയൽ